# കൊല്ലം ജില്ലാപഞ്ചായത്ത്

തേവള്ളി പി.ഒ., കൊല്ലം-9. ഫോൺ : 2795198, 2793446, ഫാക്സ് : 0474-2795198 (216)

e-mail : *dpklam@gmail.com*


പ്രസിദ്ധീകരണത്തിന് 20/06/2017

## സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ അനിവാര്യം - കെ. ജഗദമ്മ ടീച്ചർ

എല്ലാ സർക്കാർ സ്കൂളുകളിലും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജഗദമ്മ ടീച്ചർ അഭിപ്രായപ്പെട്ടു. സ്കൂളുകളെ മാലിന്യവിമുക്തമാക്കുന്നതിനുള്ള ജില്ലാ പഞ്ചായത്തിന്റെ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു പ്രസിഡന്റ്. പനയം ഗ്രാമപഞ്ചായത്തിലെ പണയിൽ ഗവ. ഹൈസ്കൂളിലായിരുന്നു ഉദ്ഘാടനം നടന്നത്. ഒരു സ്കൂളിൽ മൂന്ന് യൂണിറ്റ് എന്ന രീതിയിൽ ജില്ലയിലെ എല്ലാ സ്കൂളുകളിലും എയ്റോബിക് കമ്പോസ്റ്റുകൾ സ്ഥാപിക്കുന്നതാണെന്നും ഇതിനായി 60 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ടെന്നും പ്രസിഡന്റ് പറഞ്ഞു. കമ്പോസ്റ്റ് യൂണിറ്റിൽ മാലിന്യം നിറച്ചതിന് ശേഷം ഇനോകുലം പൊടിയോ ലിക്വിഡോ അതിലേക്ക് ഒഴിക്കുന്നു. ഇത് കമ്പോസ്റ്റായി മാറുമ്പോൾ യൂണിറ്റിൽ നിന്ന് നീക്കം ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. ശിവശങ്കരപ്പിള്ള അദ്ധ്യക്ഷത വഹിച്ചു. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുക വഴി സ്കൂളുകളിലെ മാലിന്യത്തിന്റേ അളവ് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുന്നാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. ജൂലിയറ്റ് നെൽസൺ സ്വാഗതം ആശംസിച്ചു. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ കെ. ശ്രീകല പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ഡോ. കെ. രാജശേഖരൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. പ്രസാദ്, പനയം ഗ്രാമപഞ്ചായത്ത് അംഗങ്ങളായ പ്രസന്നകുമാരി എൽ., ശ്രീകല എം.ആർ. എന്നിവർ സന്നിഹിതരായിരുന്നു.

(ഒപ്പ്)
**സെക്രട്ടറി**